(സി) മുക്കം സി.എച്ച്.സി.യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 21-7-2005-ൽ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പു ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ, ഈ സ്ഥാപനത്തിന്റെ പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കുമായി ആരോഗ്യവകുപ്പു ഡയറക്ടർ 5.90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലേയും സ്റ്റാഫ് പാറ്റേൺ

103 [2535] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലേയും സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) കല്ലിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കൂടുതൽ ഡോക്ടർമാരെയും മെഡിക്കൽ ജീവനക്കാരെയും നിയമിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്കും പ്രത്യേകമായി സ്റ്റാഫ് പാറ്റേൺ നിലവിലില്ല. 1961-ലെ സർക്കാർ ഉത്തരവ് (സാധാ.) 3150/61/ആരോഗ്യം പ്രകാരം കിടക്കകളുടെ എണ്ണത്തിന്റെ അനുപാതത്തിൽ ജീവനക്കാരുടെ എണ്ണം നിശ്ചയിക്കുന്ന സ്റ്റാഫ് പാറ്റേൺ തന്നെയാണ് പി.എച്ച്.സി. കളുടെയും സി.എച്ച്.സി. കളുടെയും കാര്യത്തിലും ബാധകമായിട്ടുള്ളത്. കൂടാതെ, ചില പ്രദേശങ്ങളിലെ പ്രത്യേക ആവശ്യകത പരിഗണിച്ച് അധിക തസ്തികകൾ അനുവദിക്കാറുണ്ട്.

(ബി) ഉണ്ട്. കല്ലിയൂർ പി.എച്ച്.സി.യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

വാറ്റ് നിയമം നടപ്പിലായശേഷം മരുന്നുകളുടെ വിലയിൽ വന്നിട്ടുള്ള മാറ്റം

104 [2536] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നിയമം നടപ്പിലായശേഷം മരുന്നുകളുടെ വിലയിൽ വന്നിട്ടുള്ള മാറ്റത്തെക്കുറിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പാർലമെന്റ് പേറ്റന്റ് നിയമം പാസ്സാക്കിയതിനുശേഷം, മരുന്നുവിലയിൽ വന്നിട്ടുള്ള മാറ്റത്തെക്കുറിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ, അത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാറ്റ് നിയമം നടപ്പിലായശേഷം ഔഷധങ്ങളുടെ വില മൂന്ന് ശതമാനം കുറഞ്ഞിട്ടുണ്ട്. ചില ബ്രാന്റുകളിലുള്ള ഔഷധങ്ങൾക്ക് വില വർദ്ധിച്ചത് എക്സൈസ് ഡ്യൂട്ടിയിലുണ്ടായ വർദ്ധനവും അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവും കൊണ്ടാണ്.

(സി) പേറ്റന്റ് നിയമം പാസ്സാക്കിയതുമായി ബന്ധപ്പെട്ട് മരുന്നിന്റെ വിലയിൽ മാറ്റമൊന്നും വന്നിട്ടില്ല. മരുന്നുകൾക്ക് പുതിയ പേറ്റന്റ് ഒന്നും ലഭിച്ചിട്ടില്ല.

ഔഷധിയുടെ പബ്ലിക് സെയിൽസ് വർദ്ധന

105 [2537] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 3 വർഷത്തിനിടയിൽ ഔഷധിയുടെ പബ്ലിക്ക് സെയിൽസ് കേരളത്തിൽ എത്രമാത്രം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആവശ്യമായ സ്റ്റോക്കില്ലാത്തതിനാൽ ഈ കാലയളവിൽ ഓരോ വർഷവും വില്പനയിൽ വന്ന നഷ്ടം എത്രയാണെന്നറിയിക്കാമോ;

(സി) പ്രൊഡക്ഷൻ രംഗത്ത് വില്പനയ്ക്കാവശ്യമായ ഉല്പാദന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഡി) കഴിഞ്ഞ 3 വർഷങ്ങളിൽ പുതുതായി എത്ര ഏജൻസികൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ആവശ്യത്തിന് മരുന്ന് ഉല്പാദിപ്പിക്കുന്നില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്താണെന്നറിയിക്കാമോ;

(എഫ്) ഓർഡർ അനുസരിച്ചുള്ള മരുന്നുകൾ കൊടുക്കാതെ കെട്ടിക്കിടക്കുന്ന മറ്റ് മരുന്നുകൾ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) പുതിയ ഏജൻസിക്കായി സമർപ്പിച്ച അപേക്ഷകളിൻമേൽ നടപടി എടുക്കാൻ ബാക്കിയുണ്ടോ എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly